THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2015 Certified Company under Government of Kerala)
Registered Office: KOTTAYAM-686 004
CIN:U01119KL1962SGC001997
☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com

PRO/F-110/CR/546 12.05.2023

**റീ-ടെണ്ടർ നോട്ടീസ്**

**കശുമാവ് റീപ്ലാന്റിംഗ്- ഇ-ടെൻഡർ/സീൽഡ് ടെൻഡർ**

**പ്ലാന്റേഷൻ കോർപ്പറേഷന്റെ താഴെകൊടുത്തിട്ടുള്ള എസ്റ്റേറ്റുകളിൽ 2023 വർഷം കശുമാവ് റീപ്ലാന്റിംഗ്/ തൈ സംരക്ഷണ പ്രവൃത്തികൾക്കുള്ള (I, II) ഇ-ദർഘാസ് / ദർഘാസ് വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു.**

I. **പ്രവൃത്തി-I:** ***കാട് വെട്ടി, ഭൂമി തയ്യാറാക്കി, ടെറസ്സും കുഴിയുമെടുത്ത്, താഴെക്കാണിച്ചിരിക്കുന്ന ബ്ലോക്കുകളിൽ കോർപ്പറേഷൻ നൽകുന്ന കശുമാവ് തൈകൾ കേരളാ കാർഷിക സർവകലാശാലയുടെ "package of practises" ന് വിധേയമായി നട്ടുതരുന്നതിനും, 36 മാസം സ്വന്തം ചിലവിൽ പൈനാപ്പിൾ ഇടവിളയായി കൃഷി ചെയ്ത് അംശാദായം കോർപ്പറേഷന് നൽകിക്കൊണ്ട്, നട്ട കശുമാവ് തൈകൾക്ക് 3 വർഷക്കാലത്തേക്ക് പുതയിടൽ, തണൽകുത്ത്, കാട്ടുവെട്ടൽ, വളമിടൽ, മറ്റ് രോഗപ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങിയവ കരാറുകാരൻ സ്വന്തം നിലയിൽ നടത്തി, കശുമാവ് തൈകൾ സംരക്ഷിച്ചുതരുന്നതിന്***

II. **പ്രവൃത്തി-II:** 2023 വർഷം കശുമാവ് റീപ്ലാന്റിംഗ് ചെയ്യുന്നതിനായി ഭൂമി തയ്യാറാക്കി, ടെറസും കുഴിയുമെടുത്ത് കോർപ്പറേഷൻ സ്വന്തം ചെലവിൽ കശുമാവ് നടുന്ന, താഴെക്കാണിച്ചിരിക്കുന്ന ബ്ലോക്കുകളിൽ ***36 മാസം സ്വന്തം ചിലവിൽ പൈനാപ്പിൾ ഇടവിളയായി കൃഷി ചെയ്ത്, അംശാദായം കോർപ്പറേഷന് നൽകിക്കൊണ്ട്, നട്ടുന്ന കശുമാവ് തൈകൾക്ക് 3 വർഷക്കാലത്തേക്ക് പുതയിടൽ, തണൽകുത്ത്, കാട്ടുവെട്ടൽ, വളമിടൽ, മറ്റ് രോഗപ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങിയവ കരാറുകാരൻ സ്വന്തം നിലയിൽ നടത്തി, കശുമാവ് തൈകൾ സംരക്ഷിച്ചുതരുന്നതിന്***

| ക്രമ നം. | എസ്റ്റേറ്റ്, ജില്ല | ഡിവിഷൻ | ബ്ലോക്ക് | ഏരിയയുടെ വിസ്തീർണം ഹെക്ടറിൽ (approximate) |
|---|---|---|---|---|
| 1. | രാജപുരം, കാസർഗോഡ് | പാണത്തൂർ | പാണത്തൂർ-I | 5 |
| 2. | രാജപുരം, കാസർഗോഡ് | പാണത്തൂർ | കമ്മാടി-IA | 15 |
| 3. | മണ്ണാർക്കാട്, പാലക്കാട് | തത്തേങ്ങലം | തത്തേങ്ങലം - IB | 50 |
| 4. | മണ്ണാർക്കാട്, പാലക്കാട് | തത്തേങ്ങലം | തത്തേങ്ങലം -II | 70 |
| 5. | ചന്ദനപ്പള്ളി, പത്തനംതിട്ട | ഡിവിഷൻ-എ | ബ്ലോക്ക്-1 | 21 |
| 6. | ചന്ദനപ്പള്ളി, പത്തനംതിട്ട | ഡിവിഷൻ-ബി | ബ്ലോക്ക്-1 | 9 |

**നിബന്ധനകൾ**

1. പ്രവർത്തി I / II – ന് പ്രതിഫലമായി ക്രേതാവിന് നൽകുന്നത് നിർദിഷ്ട റീപ്ലാന്റിംഗ് ബ്ലോക്കുകളിൽ ക്രേതാവ് കൃഷി ചെയ്തിട്ടുള്ള പൈനാപ്പിളിൽ നിന്നുള്ള ആദായം വിൽപന നടത്തുന്നതിനുള്ള അവകാശമാണ്. ഇപ്രകാരം ഹെക്ടർ ഒന്നിന് അംശാദായമായി (ടി-ഏരിയയിലെ തൈകളുടെ തുടർവർഷങ്ങളിലെ പരിപാലത്തിനായി) ക്രേതാവ് കോർപ്പറേഷന് നൽകാൻ തയാറുള്ള മൂന്ന് വർഷത്തെ മൊത്തമായ തുകയാണ് (ടാക്സ് ഒഴികെ) ഇ-ദർഘാസ് / ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.

2. ഇ-ദർഘാസും, ദർഘാസും സമർപ്പിക്കേണ്ട അവസാന തീയതി 24.05.2023-ന്, 10.30 AM. വരെയാണ്. തുടർന്ന് അന്നേദിവസം 11.00 AM-ന് ഹാജരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ലഭിച്ച ദർഘാസ്സുകൾ അതാത് എസ്റ്റേറ്റ് ഓഫീസിൽവെച്ച് തുറക്കുന്നതാണ്. ഇ-ദർഘാസ്സുകൾ പിസികെ ഹെഡോഫീസിൽവെച്ച് തുറക്കുന്നതുമാണ്. ഇ-ദർഘാസ്സ് തുറക്കുന്ന തീയതി 25.05.2023-ന് 11.00 AM ആണ്. തുടർന്ന് രണ്ടു ദർഘാസിലും കൂടി ലഭിച്ച ഏറ്റവും കൂടിയ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്.

3. കരാർ കാലാവധി കരാർ സ്ഥിരീകരിക്കുന്ന ദിവസം മുതൽ 42 months (കലണ്ടർ മാസം) ആയിരിക്കും. അതിൽ, അവസാനത്തെ 6 മാസം പൈനാപ്പിൾ കാനി നീക്കം ചെയ്യാനുള്ളതുമാണ്.

4. ഇടവിളയായി നടുന്നതിനുള്ള പൈനാപ്പിൾ തൈകൾ ക്രേതാവ് സ്വന്തം ചെലവിൽ വാങ്ങി, ഏരിയയിൽ എത്തിച്ചു നടേണ്ടതാണ്.

5. ഓരോ കശുമാവ് തൈകൾക്കും 1.5 മീറ്റർ ചുറ്റളവിലും, കയ്യാലക്ക ചേർന്നുള്ള ഭാഗത്ത് ഒന്നര അടി വീതിയിലും, ടെറസ്സ് പൂർണ്ണമായും, എസ്റ്റേറ്റ് റോഡുകളും കൈവഴികളും ഒഴിച്ചിട്ട് ബാക്കിയുള്ള സ്ഥലം മാത്രമേ പൈനാപ്പിൾ കൃഷിക്കായി ഉപയോഗിക്കാൻ പാടുള്ളൂ.

6. ടെണ്ടറിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ടെണ്ടർ നൽകുന്നതിനു മുൻപായി മേൽപ്പറഞ്ഞ എസ്റ്റേറ്റുകളിലെ തോട്ടങ്ങൾ നേരിട്ട് സന്ദർശിച്ച് നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

| **ഉദ്യോഗസ്ഥന്റെ പേര്** | **തസ്തിക** | **എസ്റ്റേറ്റ്** | **മൊബൈൽ/ലാൻഡ് നമ്പർ** |
|---|---|---|---|
| ജസ്റ്റസ് കരുണ രാജൻ | ജനറൽ മാനേജർ (ഓപ്പറേഷൻസ്) | ഹെഡോഫീസ് | 9496076004, 0481-2578301-04 |
| സജീവ് യു. | മാനേജർ | രാജപുരം | 0467-2227247, 9447204200, 9496076066 |
| ഫാത്തിമ ഷിംജി | മാനേജർ | മണ്ണാർക്കാട് | 0492-4222264, 9895142394, 9496076062 |
| അരുൺകുമാർ ജി. | മാനേജർ | ചന്ദനപ്പള്ളി | 0468-2960008, 8547099101 9496076022 |

7. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ-ടെണ്ടർ മുഖാന്തിരവും, അല്ലെങ്കിൽ സാധാരണ ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.

8. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുക.

9. ഇ-ടെണ്ടർ അല്ലാതെ സാധാരണ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 105-രൂപ ഫീസടച്ച്, ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ തുറക്കുന്നതിന്റെ തലേദിവസം വൈകിട്ട് നാലുമണിക്ക് മുൻപായി വാങ്ങേണ്ടതാണ്. ഇ-ടെണ്ടർ/ സാധാരണ ടെണ്ടർ മുഖാന്തിരം പങ്കെടുക്കുന്നവർ ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം ടെണ്ടർ നിരതദ്രവ്യമായി 5,000 രൂപ വീതം കണക്കിൽ ഡിമാൻഡ് ഡ്രാഫ്റ്റ് ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്.

10. ദർഘാസ്സ് നമ്പർ, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി മുദ്രവച്ച കവറുകൾ ദർഘാസ് വ്യവസ്ഥകളിൽ ഒപ്പ് രേഖപ്പെടുത്തി, തിരിച്ചറിയൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പികളും, ടെണ്ടർ നിരതദ്രവ്യം അടച്ച D.D.-യും സഹിതം ടെൻഡർ തുറക്കുന്ന ദിവസം 10.30 AM-ന് മുൻപായി അതാത് എസ്റ്റേറ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

11. ഇ-ദർഘാസിലൂടെയോ, സാധാരണ ദർഘാസിലൂടെയോ ഭാഗികമായോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

12. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

13. ടെൻഡർ പ്രകാരം ക്രേതാവിനു ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.

14. ദർഘാസ് തുറക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ദിവസം എന്തെങ്കിലും കാരണം കൊണ്ട് ആയതു നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തിദിവസം രാവിലെ 10.30-ന് നടത്തുന്നതായിരിക്കും.

15. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമമായിരിക്കും. എന്തെങ്കിലും വ്യവഹാരം ഉണ്ടാകുന്ന പക്ഷം ആയതിന്റെ അധികാര പരിധി കോട്ടയം അതികാരാതിർത്തിയിലുള്ള കോടതികളിൽ മാത്രമായിരിക്കും.

16. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

17. ക്രേതാവ് നിയമപരമായ നികുതികൾ അടക്കാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ, കരാർ സംബന്ധമായ എല്ലാ ജോലികളും ക്രേതാവിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും, ചുമതലയിലും ആയിരിക്കും. എല്ലാ നിയമങ്ങൾക്കും വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, ക്രേതാവിന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ തുടങ്ങിയവ).

18. ടെൻഡർ പ്രകാരം ക്രേതാവ് കോർപ്പറേഷനിൽ അടക്കേണ്ട തുക യഥാസമയം അടയ്ക്കുന്നതിന് വീഴ്ച്ച വരുത്തിയാൽ, അടക്കേണ്ട തുകയും, അടക്കേണ്ട തുകയ്ക്ക് ആഴ്ച്ച ഒന്നിന് 1/2 % എന്ന നിരക്കിൽ പിഴപ്പലിശയും സഹിതം അടച്ചുതീർക്കുന്നതിനു പരമാവധി 15 ദിവസം കൂടി അനുമതി നൽകുന്നതാണ്. തുടർന്നും തുക അടച്ചു തീർക്കാത്ത പക്ഷം കരാർ ഉടമ്പടി റദ്ദ് ചെയ്യുന്നതും, ജാമ്യ നിക്ഷേപ തുക കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതും ആയിരിക്കും. കൂടാതെ ക്രേതാവിന്റെ നഷ്ടോത്തരവാദിത്വത്തിൽ, ആവശ്യമെങ്കിൽ കരാർ പ്രവർത്തികൾ പുനഃക്രമീകരണം ഏർപ്പെടുത്തി പൂർത്തീകരിക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്. ക്രേകരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുൾപ്പടെയുള്ള താവിനെ നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

19. കേരളാ കാർഷീക സർവകലാശാലയുടെ “package of practises” ന് വിധേയമായി അഗ്രോ-മാനേജ്മന്റ് സമ്പ്രദായങ്ങൾ (പുതയിടൽ, തണൽകുത്ത്, കാടുവെട്ടൽ, വളമിടൽ, രോഗപ്രതോരോധപ്രവർത്തനങ്ങൾ തുടങ്ങിയവ) യഥാസമയം ക്രേതാവിന്റെ സ്വന്തം ചെലവിൽ നിർവഹിക്കേണ്ടതാണ്.

20. കീടനാശിനികളും മറ്റും ഏരിയയിൽ ഉപയോഗിക്കുമ്പോൾ കേരളാ കാർഷീക സർവകലാശാലയുടെ / കൃഷിവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

21. നടുവാനുള്ള കശുമാവ് തൈകൾ, അതാത് തോട്ടങ്ങളിൽ, കോർപ്പറേഷൻ ജൂൺ മാസത്തിൽ എത്തിച്ചു നൽകുന്നതായിരിക്കും. ജൂലൈ 31-ന് മുൻപായി ക്രേതാവ് തൈകൾ മുഴുവനും നട്ടു തീർക്കേണ്ടതാണ് (പ്രവർത്തി II-ന് ബാധകമല്ല).

22. കശുമാവ് നടാനുള്ള കുഴി 2 x 2 x 2 (നീളം x വീതി x താഴ്ച്ച) അടി അളവിൽ ആയിരിക്കണം എടുക്കേണ്ടത്. ടെറസ്സിന്റെ വിസ്തീർണം 3 x 3 (നീളം x വീതി) അടി അളവിലും ആയിരിക്കണം (പ്രവർത്തി II-ന് ബാധകമല്ല).

23. ഒരു ഹെക്ടർ സ്ഥലത്തു പരമാവധി 400 എണ്ണം എന്ന കണക്കിൽ കശുമാവ് തൈകൾ നടേണ്ടതാണ്. 400 തൈകൾക്ക് ഒരു ഹെക്ടർ എന്ന് ഏരിയ കണക്കാക്കി ആയിരിക്കും കരാർ പ്രകാരമുള്ള തുക ക്രേതാവ് അടക്കേണ്ടത്.

24. കരാർ പ്രകാരം ക്രേതാവ് കോർപ്പറേഷന് നൽകാനുള്ളതായ തുക നൽകാനുള്ള ഷെഡ്യൂൾ, കരാർ ഉറപ്പിക്കാനായി തെരെഞ്ഞെടുക്കപ്പെട്ട വ്യക്തിയുമായി/സ്ഥാപനവുമായി കൂടിയാലോചന നടത്തി തീരുമാനിക്കുന്നതായിരിക്കും.

25. കരാർ കാലയളവിൽ ഓരോ വർഷവും മാർച്ച് മാസം 31-)0 തിയതിക്ക് മുമ്പായി കശുമാവ് തൈകൾ മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന കമ്മറ്റി പരിശോധിച്ച് തൈകളുടെ വളർച്ച, എണ്ണം, പരിപാലനം എന്നിവ തൃപ്തികരമാണെന്ന് ഉറപ്പുവരുത്തിയതിനു ശേഷം എണ്ണി തിട്ടപ്പെടുത്തി അതാത് എസ്റ്റേറ്റ് മാനേജരെ ബോധ്യപ്പെടുത്തേണ്ടതാണ്. ആദ്യവർഷവും, രണ്ടാം വർഷവും കശുമാവ് തൈകൾ നഷ്ടപ്പെട്ടാൽ ആയത് കരാറുകാരൻ, കോർപ്പറേഷൻ നിർദ്ദേശിക്കുന്ന നഴ്സറിയിൽ നിന്ന് കോപ്പറേഷൻ നിർദ്ദേശിക്കുന്ന ഇനം തൈകൾ സ്വന്തം ചെലവിൽ വാങ്ങി പൂർണ്ണമായും നട്ടു തരേണ്ടതാണ്. കൂടാതെ രണ്ടാം വർഷം 10 ശതമാനത്തിൽ കൂടുതൽ തൈകൾ നഷ്ടപ്പെട്ടാൽ തൈ ഒന്നിന് 1000/- രൂപ വീതം നഷ്ടം ഈടാക്കുന്നതുമാണ്. മൂന്നാം വർഷം കരാർ കാലാവധി തീർത്ത് പിരിയുന്നതിന് മുൻപായി 15 ശതമാനത്തിൽ കൂടുതൽ തൈകൾ നഷ്ടപ്പെട്ടാൽ തൈ ഒന്നിന് 3000/- രൂപ വീതവും കരാറുകാരനിൽ നിന്ന് നഷ്ടം ഈടാക്കുന്നതായിരിക്കും.

26. വന്യമൃഗങ്ങളിൽ നിന്നും തോട്ടങ്ങൾ സംരക്ഷിക്കുന്നതിനായി സൌരോർജ്ജ വേലി/മുള്ളുവേലി വന്യമൃഗ ശല്യമുള്ള ഇടങ്ങളിൽ കോർപ്പറേഷൻ നിർമ്മിച്ച് നൽകുന്നതായിരിക്കും. എന്നിരുന്നാലും വന്യമൃഗങ്ങൾ തോട്ടത്തിൽ പ്രവേശിക്കാതെ മുഴുവൻ സമയവും കാവൽ ഏർപ്പെടുത്തേണ്ട ഉത്തരവാദിത്വം തോട്ടം പരിപാലനം ഏറ്റെടുക്കുന്ന ക്രേതാവിൽ നിക്ഷിപ്തമായിരിക്കും.

27. പ്രവർത്തി I / II -ന് വേണ്ടി ടെണ്ടർ ഉറപ്പിച്ചുകിട്ടുന്ന ക്രേതാവ് ടെൻഡറിൽ രേഖപ്പെടുത്തിയ തുക, ആകെ ഹെക്ടറുമായി ഗുണിച്ചുകിട്ടുന്ന മൊത്തം തുകയുടെ 5 ശതമാനമോ, 3,00,000 രൂപയോ, ഇവയിൽ ഇതാണോ കൂടുതൽ, ആയതു സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി കെട്ടിവെക്കേണ്ടതാണ്.

28. സെക്യൂരിറ്റി ഡെപ്പോസിറ്റ് ടെണ്ടർ കാലാവധി പൂർത്തിയാക്കി ജോലികൾ തൃപ്തികരമായി തീർത്തതിനുശേഷം ഒരു മാസത്തിനുള്ളിൽ പലിശരഹിതമായി തിരികെ നൽകുന്നതായിരിക്കും.

Sd/

മാനേജിങ് ഡയറക്ടർ

**<u>പ്രഖ്യാപനം</u>: ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്യുതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.**

| | | |
|---|---|---|
| 1a. | ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) | : |
| b. | ടിയാന്റെ വയസ്സ് | : |
| c. | ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ | : |
| d | മൊബൈൽ നമ്പർ | : |
| e. | അച്ഛന്റെ പേര് | : |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം :

തീയതി: